## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6151 — 04.07.2019-ൽ മറുപടിയ്ക്ക്

### മത്സ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, കെ.ജെ. മാക്സി<br>,, കെ.കുഞ്ഞിരാമൻ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യമേഖലയിലെ വിവിധങ്ങളായ വികസനപ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനായി വിവിധ വകുപ്പുകളെയും പദ്ധതികളെയും സംയോജിപ്പിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | മത്സ്യമേഖലയിൽ വിവിധ വികസനപ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതഭവനം ഒരുക്കിയതിനും ഭവനനവീകരണത്തിനും സാനിറ്ററി സംവിധാനം ഏർപ്പെടുത്തുന്നതിനും ഭവനങ്ങളുടെ പുനർവൈദ്യുതീകരണത്തിനുമായി നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (ബി) | 1) വിവിധ ഭവന പദ്ധതികളിലായി 3549 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം - എഗ്രിമെന്റിൽ ഏർപ്പെട്ട 3407 പേരിൽ 3032 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br>2) വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2016-17 ൽ നടപ്പാക്കിയ പദ്ധതികളിൽ ആകെ 1798 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ഇതിൽ 1193 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.<br>3) 4500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നവീകരണത്തിന് 50,000/- രൂപ വീതം ധനസഹായം - വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 4381 പേരിൽ 4231 പേർ നിർമ്മാണം പൂർത്തീകരിച്ചു.<br>4) 1700 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണത്തിന് 17,500/-രൂപ വീതം ധനസഹായം-വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 1637 പേരിൽ 1413 |

| | | | |
|---|---|---|---|
| | | | പേർ നിർമ്മാണം പൂർത്തീകരിച്ചു<br>5) 4000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനർവൈദ്യുതീകരണത്തിന് 20,000/- രൂപ വീതം ധനസഹായം-എഗ്രിമെന്റിൽ ഏർപ്പെട്ട 3907 പേരിൽ 3590 പേർ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരത്ത് മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകിയ മാതൃകയിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ് കോളനി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നത്. മേൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### (1) മത്സ്യത്തൊഴിലാളി പുനരധിവാസത്തിന് പുത്തൻ മാതൃകകൾ

a) വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് 2016-17 ൽ നടപ്പാക്കിയ പദ്ധതികളിൽ ആകെ 1798 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ഇതിൽ 1193 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

b) തിരുവനന്തപുരം മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ച് നൽകി. മത്സ്യത്തൊഴിലാളി പുനരധിവാസത്തിന് തിരുവനന്തപുരം കാരോട് ജില്ലയിലെ 1.05 ഹെക്ടർ ഭൂമി വിലയ്ക്ക് വാങ്ങി.

### (2) മുഖഛായ മാറുന്ന തീരദേശ സ്കൂളുകളും ആശുപത്രികളും

a) തീരദേശ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 40 കോടി രൂപയുടെ പദ്ധതികൾ - 40 സ്മാർട്ട് ക്ലാസ് മുറികൾ, 20 അടുക്കള ഷെഡുകൾ, 50 സ്കൂളുകളിൽ കായിക സൗകര്യം, സ്കൂളുകൾക്ക് പുതിയ കെട്ടിടം.

b) ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നത് - ആദ്യ ഘട്ടമായി ബേപ്പൂർ, അഴീക്കൽ, താനൂർ, വലിയതുറ എന്നിവിടങ്ങളിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കാൻ 25 കോടി രൂപ

c) തീരദേശ ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും മെച്ചപ്പെടുത്തുന്നതിന് 30 കോടി രൂപ.

### (3) കടൽ സുരക്ഷയ്ക്ക് പ്രത്യേക ഊന്നൽ

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്

a) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40,000 ലൈഫ് ജാക്കറ്റ് വിതരണം ചെയ്യുന്ന പദ്ധതി - ടി പദ്ധതി പ്രകാരം ആദ്യഘട്ടമെന്ന നിലയിൽ 30,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നു.

b) 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്ന പദ്ധതി- ടി പദ്ധതി പ്രകാരം ഇതിനകം 479 നാവിക് ഉപകരണങ്ങൾ നൽകിക്കഴിഞ്ഞു.

c) 1,000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതി- 38 പേർ ഇതിനകം ടി പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

d) കടൽസുരക്ഷാ സ്ക്വാഡുകളുടെ രൂപീകരണം- ആദ്യ ഘട്ടമായി 317 പേർക്ക് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

e) കടൽരക്ഷാ പ്രവർത്തനത്തിന് 3 മറൈൻ ആംബുലൻസുകൾ - കൊച്ചിൻ ഷിപ്പ്യാർഡുമായി കരാറിലേർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

f) പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി

- 2018-19 സാമ്പത്തിക വർഷം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് 647 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

g) കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് 200 FRP ബോട്ടുകൾ ലഭ്യമാക്കുന്ന പദ്ധതി - പദ്ധതിയ്ക്കായിട്ടുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ നടന്നു വരുന്നു.

h) പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുന്ന പദ്ധതി

i) പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്ക് ക്രാഫ്റ്റ് & ഗിയർ സബ്സിഡി ആയി നൽകുന്ന പദ്ധതി

j) മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്, ലൈഫ് ബോയെ ഉൾപ്പെടെയുള്ള കടൽസുരക്ഷാ കിറ്റ് ലഭ്യമാക്കുന്ന പദ്ധതി - 'കടൽസുരക്ഷ' പദ്ധതിയുടെ ഭാഗമായി 2018-19 വർഷം 500 ജി.പി.എസ്.കളും 1000 ലൈഫ് ബോയെകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

k) ഓഖി ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് FRP ബോട്ട് ഉൾപ്പെടെ കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ 120 മത്സ്യ ബന്ധന യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(4) 2037 വരെ നീളുന്ന ഓഖി പുനരധിവാസ പാക്കേജ്**

a) ഓഖി ദുരന്തത്തിൽ കാണാതാവുകയോ മരണപ്പെടുകയോ ചെയ്തവരുടെ കുടുംബത്തിന് 20 ലക്ഷം രൂപ വീതം ധനസഹായം

b) ദുരന്തത്തിലെ നാശം സംഭവിച്ച യാനങ്ങൾക്ക് നഷ്ട പരിഹാരമായി 6.78 കോടി രൂപ വിതരണം ചെയ്യുന്നു.

c) ആശ്രിതരിൽ ഒരാൾക്ക് വീതം സ്ഥിര വരുമാനം ലഭിക്കുന്ന ജോലി

d) ദുരന്ത ബാധിതരുടെ മക്കളുടെ 2037 വരെയുള്ള പഠന ചെലവ് സർക്കാർ ഏറ്റെടുത്തു.

e) ഓഖി ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം

**(5) വിദ്യാഭ്യാസം**

a) തീരദേശത്ത് 100% സാക്ഷരത ഉറപ്പാക്കാൻ അക്ഷര സാഗരം പദ്ധതി - 5392 പേർക്ക് സാക്ഷരത, 2876 പേർക്ക് 4-ാം തരം തുല്യത. തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ പദ്ധതി നടപ്പാക്കി.

b) വിദ്യാതീരം പദ്ധതി - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, സിവിൽ സർവ്വീസ്, ബാങ്ക് ടെസ്റ്റ് പരീക്ഷാ പരിശീലനം. ഇതിനകം 28 പേർക്ക് മെഡിക്കൽ അഡ്മിഷൻ. ഇതിനു പുറമേ അനുബന്ധ പ്രൊഫഷണൽ കോഴ്സുകളിൽ നിരവധി പേർക്ക് അഡ്മിഷൻ ഉറപ്പാക്കി.

**(6) ധനസഹായത്തിൽ വർദ്ധനവ്**

a) ഭവന നിർമ്മാണ ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

b) സമ്പാദ്യ സമാശ്വാസ പദ്ധതി ധനസഹായം 2700 രൂപയിൽ നിന്നും 4500 രൂപയാക്കി

c) മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് 5 ലക്ഷം രൂപയിൽ നിന്ന് 10

ലക്ഷം രൂപയാക്കി.

d) അനുബന്ധ മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് 5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയാക്കി.

e) മത്സ്യത്തൊഴിലാളി പെൻഷൻ 600 രൂപയിൽ നിന്നും 1200 രൂപയാക്കി.

f)മുൻകാലങ്ങളിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ 415 ഭവനങ്ങൾ അധിക ധനസഹായം നൽകി ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ